Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

24.8.2018

## പ്രളയത്തിന്റെ ആഘാതവും പ്രളയാനന്തര സാഹചര്യങ്ങളും വിശകലനംചെയ്ത് പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കണം: കെസിബിസി

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ സംസ്ഥാനത്തെ പ്രളയാനന്തര സാഹചര്യം വിലയിരുത്തി. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം എന്നിവമൂലം സംസ്ഥാനത്തുണ്ടായ ആഘാതം അവലോകനം ചെയ്ത സമ്മേളനം സർക്കാരിനോടും പൊതുസമൂഹത്തോടും ചേർന്ന് പ്രളയദുരന്തത്തെ നേരിടുന്നതിന് സഭാവിശ്വാസികൾ പുലർത്തിയ സേവനസന്നദ്ധതയെയും ജാഗ്രതയെയും പ്രകീർത്തിച്ചു. സഭയുടെ മുഴുവൻ സംവിധാനങ്ങളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ മാതൃകാപരമായ ജാഗ്രത പുലർത്തിയെന്നും യോഗം വിലയിരുത്തി. സിബിസിഐയുടെ സാമൂഹ്യക്ഷേമ സംവിധാനമായ കാരിത്താസ് ഇന്ത്യ ഉൾപ്പെടെ 35 സമൂഹ്യസേവന സംഘടനകളുടെയും സന്ന്യാസസമൂഹങ്ങളുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. പുനരധിവാസ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിന് താഴെക്കൊടുത്തിരിക്കുന്ന നിർദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിലേക്ക് സമർപ്പിച്ചു:

- പ്രളയത്തിന്റെ ആഘാതവും പ്രളയാനന്തര സാഹചര്യങ്ങളും വിശകലനംചെയ്ത് പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കണം

- സമൂഹത്തിലെ ദുർബല വിഭാഗങ്ങളായ ദളിത്-ആദിവാസി വിഭാഗങ്ങൾ, ചെറുകിട കർഷകർ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, വിദ്യാർത്ഥികൾ, ചെറുകിട തൊഴിൽ സംരംഭകർ, ദൈനംദിന തൊഴിലാളികൾ, കിടപ്പുരോഗികൾ എന്നിവർ പ്രത്യേകം പരിഗണിക്കപ്പെടണം.

- വീടുകളുടെ സമ്പൂർണമായ നാശം, കേടുപാടുകൾ എന്നിവ വിലയിരുത്തുന്നതിന് സാങ്കേതിക വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കണം.

- ശുചീകരണപ്രവർത്തനങ്ങളിൽ വീടുകളോടൊപ്പം, കിണറുകളും മറ്റു ശുദ്ധജല സ്രോതസ്സുകളും ഉൾപ്പെടുത്തണം.

- പക്ഷി മൃഗാദികളുടെ ശവശരീരം മറവു ചെയ്യുന്നതിന് പ്രോട്ടോക്കോളുണ്ടാകണം.

- പകർച്ചവ്യാധികൾ തടയുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾക്കും സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം ഫലപ്രദമാക്കണം.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com

• മനശ്ശാസ്ത്രജ്ഞരുടെയും കൗൺസിലിംഗ് വിദഗ്ദ്ധരുടെയും സഹായം ലഭ്യമാക്കുന്നതിന് സന്നദ്ധ സംഘടനകളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹകരണം ഉറപ്പാക്കണം.

• ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും സ്വന്തം വീടുകളിലേക്ക് തിരിച്ചുപോകാൻ കഴിയാത്തവർക്ക് താത്ക്കാലിക പുനരധിവാസ സംവിധാനം ഒരുക്കുന്നതിന് സർക്കാർ സന്നദ്ധമാകണം. ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് കൃത്യമായ മാർഗനിർദേശം നല്കുകയും ചുമതലപ്പെട്ട വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും വിവരം പരസ്യപ്പെടുത്തുകയും വേണം.

• നിലവിൽ സർക്കാരിതര ഏജൻസികളുടെ ചുമതലയിൽ നടക്കുന്ന ക്യാമ്പുകളുടെ ചുമതലയും നിയന്ത്രണവും പ്രാദേശിക ഭരണകൂടത്തിനു കൈമാറുന്നതിന് തീയതിയും പ്രോട്ടോക്കോളും സർക്കാർ പ്രഖ്യാപിക്കണം. ഇത് സന്നദ്ധപ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരുമായുള്ള അനാവശ്യ സംഘർഷങ്ങൾ ഒഴിവാക്കുകയും ക്യാമ്പുകളുടെ പ്രവർത്തനം സുഗമമാക്കുകയും ചെയ്യും.

• കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് രൂപീകരിക്കുകയും കുട്ടനാട്, ഇടുക്കി, വയനാട് ജില്ലകൾക്ക് ദീർഘകാല പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

• സമ്പൂർണ പുനരധിവാസ പദ്ധതിയുടെ ഉത്തരവാദിത്തം സർക്കാരിൽ നിക്ഷിപ്തമായിരിക്കുമ്പോൾത്തന്നെ, സംസ്ഥാനത്തെ സന്നദ്ധ സംഘടനകളുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നതിന് പ്രാദേശിക തലത്തിൽ സംവിധാനങ്ങളുണ്ടാവുകയും വേണം.

ആഗസ്റ്റ് 21-ാം തീയതിവരെയുള്ള ദുരിതാശ്വാസപ്രവർത്തനങ്ങളിൽ 2891 വൈദികരും 6737 സന്ന്യാസിനികളും 69,821 യുവജനങ്ങളും 99,705 സന്നദ്ധപ്രവർത്തകരും നേരിട്ടു പങ്കെടുത്തു. 4094 ക്യാമ്പുകളുടെ നടത്തിപ്പിനായി 26,27,48,350 രൂപ ചെലവഴിച്ചു. ടോറസ്, ടിപ്പർ, 437 ബോട്ടുകൾ, 329 വള്ളങ്ങൾ, 1516 മറ്റു വാഹനങ്ങൾ എന്നിവയും രക്ഷാദൗത്യത്തിനും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കപ്പെട്ടു. രക്ഷാദൗത്യം സ്വന്തം ചുമതലയായി ഏറ്റെടുത്ത മത്സ്യത്തൊഴിലാളികളുടെ സേവനം രക്ഷാദൗത്യത്തിലെ തിളങ്ങുന്ന അധ്യായമായെന്നും യോഗം വിലയിരുത്തി.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**റവ. ഫാ. ജോർജ് വെട്ടിക്കാട്ട്**
സെക്രട്ടറി, ജെ.പി.ഡി കമ്മീഷൻ
ഡയറക്ടർ, കെഎസ്എസ് ഫോറം